# വീണ്ടും ജനനം മുതൽ നിത്യത വരെ

# സങ്കീർത്തനം 23 – ഒരു പഠനം

*(Evg. Koshy Mathew, Mumbai)*

1. യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല.
2. പച്ചയായ പുല്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു; സ്വസ്ഥ തയുള്ള വെള്ളത്തിന്നരികത്തേക്കു എന്നെ നടത്തുന്നു.
3. എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു; തിരുനാമംനിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു.
4. കൂരിരുൾതാഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥ വും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു.
5. എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു; എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകം ചെയ്യുന്നു; എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു.
6. നന്മയും കരുണയും എന്റെ ആയുഷ്ക്കാലമൊക്കെയും എന്നെ പിന്തുടരും; ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും.

## Class-1

### 1(a) - "യഹോവ എൻെറ ഇടയനാകുന്നു"

- ആശ്വാസത്തിൻെറയും സുരക്ഷിതത്വത്തിൻെറയും സങ്കീർത്തനമാണിത്
  - സങ്കീർത്തനത്തിലുടനീളം ദിവ്യമായ ആശ്വാസം വാഗ്ദാനം ചെയ്തിരിക്കുന്നു.
  - സുരക്ഷിതത്വം ഉറപ്പു തരുന്നു.
  - എൻെറ, ഞാൻ, എനിക്കു/എന്നെ ഇത്യാദി പദങ്ങൾ 17 പ്രാവശ്യം കാണുന്നു.
  - '17' എന്നതു സുരക്ഷിതത്വത്തിൻെറ സംഖ്യയാണു.
    - *(റോമ. 8:35, 38–39, യോഹ. 10)*
- ക്രിസ്തുവിൻെറ സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുവാൻ ആർക്കു കഴിയും?

*"ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ?*

*മരണത്തിന്നോ ജീവന്നോ ദൂതന്മാക്കോ വാഴ്ചകൾക്കോ അധികാ രങ്ങൾക്കോ ഇപ്പോഴുള്ളതിന്നോ വരുവാനുള്ളതിന്നോ ഉയരത്തിന്നോ ആഴത്തിന്നോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മു ടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേറു പിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു."*

- എന്തുകൊണ്ടാണു കർത്താവ് മനുഷ്യനെ ആടുമായി താരതമ്യം ചെയ്തിരിക്കുന്നതു?
    - സ്വഭാവത്തിൽ/പെരുമാറ്റത്തിൽ ഉള്ള സാമ്യം.
    - നഷ്ടപ്പെട്ട മനുഷ്യനു സ്വയമായി ദൈവത്തിങ്കലേക്കു വരുവാൻ സാധ്യമല്ല.
    - ജനക്കൂട്ടമധ്യത്തിൽ ഭയം, ധൈര്യമില്ലായ്മ, മഠയത്തരം, പിടിവാശി എന്നീ കാര്യങ്ങൾ മനുഷ്യസഹജമാണു.

സങ്കീർത്തനം 23 ൻെറ വിഷയ വിഭജനം

1. ആടും ആടും തമ്മിലുള്ള സംഭാഷണം വാ. 1–3 (സാക്ഷ്യയോഗം)
2. ആടും ഇടയനും തമ്മിലുള്ള സംഭാഷണം, വാ. 4–6 (പ്രാർഥനായോഗം)

മറ്റൊരു വിഭജനം

1. ദൈവീക കരുതൽ (വാ. 1–2)
2. ദൈവീക സാന്നിധ്യം (വാ. 3–4)
3. ദൈവീക വാഗ്ദാനം (വാ. 5–6)

| **സങ്കീർത്തനം 22** | **സങ്കീർത്തനം 23** | **സങ്കീർത്തനം 24** |
|---|---|---|
| നല്ല ഇടയൻ | വലിയ ഇടയൻ | ശ്രേഷ്ഠ ഇടയൻ |
| ദുഃഖം | കൃപ | മഹിമ |
| ഇന്നലെ | ഇന്നു | എന്നേക്കും |
| മുള്ള് | മേശ | സിംഹാസനം |
| ക്രൂശ് | വടി | കിരീടം |
| പീഢിതൻ | വഹിക്കുന്നവൻ | പരമാധികാരി |
| പ്രാകാരം | വിശുദ്ധസ്ഥലം | അതിവിശുദ്ധസ്ഥലം |

- എന്തുകൊണ്ടു ഞാൻ അവനെ കർത്താവ് എന്നു വിളിക്കുന്നു?
    - അവൻ എൻെറ സ്രഷ്ടാവാണു
    - അവൻ എൻെറ വീണ്ടെടുപ്പുകാരനാണു
    - അവൻ എന്നെ കരുതുന്നവനാണു

1. <u>അവൻ എൻെറ സ്രഷ്ടാവാണു</u>
    - അവനോടുള്ള എൻെറ ബന്ധം. സങ്കീ. 139.

- വാ. 1–6 – അവൻ സർവ്വജ്ഞാനിയാണു
- വാ. 7–12 – അവൻ സർവ്വവ്യാപിയാണു
- വാ. 13–18 – അവൻ സർവ്വശക്തനാണു

- അതുകൊണ്ടു സങ്കീർത്തനക്കാരൻെറ ആഗ്രഹം ഈ കർത്താവിൻെറ ഉടമസ്ഥാവകാശത്തിനു പരിപൂർണ്ണമായി സമർപ്പിക്കപ്പെടുക എന്നതു മാത്രമാണു. വാ. 23–24.

2. <u>അവൻ എൻെറ വീണ്ടെടുപ്പുകാരനാണു</u>
   - നാം നഷ്ടപ്പെട്ടവരായിരുന്നു, എന്നാൽ കർത്താവു വന്നതു നമ്മെ രക്ഷിക്കുവാനാണു – യെശ. 53:6.
   - അവൻ നമുക്കുവേണ്ടി വലിയൊരു വില കൊടുത്തതിനാൽ നാം അവൻെറ വകയായി – 1 കോരി. 6:19–20; 1 പത്രോ. 1:19.
   - നമുക്കുവേണ്ടിയുള്ള അവൻെറ വ്യഥ താരതമ്യം ചെയ്യുക – ഗത്സമനത്തോട്ടം.
3. <u>അവൻ എന്നെ കരുതുന്നവനാണു</u>
   - അവൻ അവരെ പേർ ചൊല്ലി വിളിക്കുന്നു. യോഹ. 10:3
   - അവർ അവൻെറ ശബ്ദം അറിയുന്നു. 10: 4, 14 27–28.
   - അവൻ അവരെ സൂക്ഷ്മതയോടെ നടത്തുന്നു. 4, 27–28.

➢ യേശുവാകുന്ന ഇടയൻ നിങ്ങൾക്കുവേണ്ടി കരുതുന്നു.

- അവൻെറ കാരുണ്യത്തിനു സൗഖ്യമാക്കുവാൻ കഴിയാത്തത്ര ആഴമുള്ള ഒരു മുറിവും ഇല്ല.
- അവൻെറ സാന്നിധ്യത്തിനു യോജിപ്പിക്കുവാൻ കഴിയാത്ത ഒരു അകൽച്ചയുമില്ല.
- അവൻെറ സ്നേഹത്തിനു ആശ്വസിപ്പിക്കുവാൻ കഴിയാത്തത്ര കനമുള്ള ഒരു ദുഃഖവുമില്ല.
- അവൻെറ കൃപയ്ക്കു നൽകിത്തരുവാൻ കഴിയാത്തത്ര ഘനമേറിയ ഒരു ആവശ്യവുമില്ല.

❖ ആയതിനാൽ നിങ്ങളുടെ സകല ചിന്താകുലവും അവൻെറ മേൽ ഇട്ടുകൊൾവിൻ.

- അവൻെറ ഉടമസ്ഥാവകാശത്തിൻെറ മുദ്ര നാം ഏൽക്കണം
    - എബ്രായ ദാസൻെറ ജീവിതാനുഭവം, പുറ. 21:1–6
    - പൗലോസ് തൻെറ ശരീരത്തിൽ ഈ അടയാളം വഹിച്ചു, ഗലാ. 6:17.
- നിങ്ങൾ അവൻെറ കർതൃത്വത്തിൻ കീഴിലാണോ ആയിരിക്കുന്നതു?

<u>കർതൃത്വം</u>

- യേശുക്രിസ്തു കർത്താവാണു – സുവിശേഷങ്ങളിൽ ശിഷ്യന്മാർ ഒരിക്കൽപ്പോലും അവനെ യേശു എന്നു വിളിച്ചിട്ടില്ല – അവൻ കർത്താവാണു.
    - കർതൃത്വം നിർവ്വചിച്ചിരിക്കുന്നു – അപ്പോ. 9: 5–6
    - കർതൃത്വം ചോദ്യം ചെയ്യപ്പെടുന്നു, അപ്പോ. 10: 14
    - കർതൃത്വം നിഷേധിക്കപ്പെടുന്നു, മത്താ. 7: 21–23

## Class-2

### 1(b) - "എനിക്കു മുട്ടുണ്ടാകയില്ല"

- അവൻ എൻെറ ശരണോപായമാണു/സഹായകൻ
    - പ്രാഥമിക അർത്ഥം– എനിക്കു ഒന്നിനും കുറവില്ല, പോരായ്മയില്ല.
    - വിശാല അർത്ഥം – സമ്പൂർണ്ണമായ സംതൃപ്താവസ്ഥ (അലംഭാവം).
    - ആടാകുന്ന ദാവീദ്, ദൈവീക കരുതലിൽ പൂർണ്ണ തൃപ്തനായിരുന്നു.
    - ആടിൻെറ ആവശ്യങ്ങൾ അനേകമാണ് – തീറ്റ, വെള്ളം, പാർപ്പിടം, ആക്രമണങ്ങളിൽനിന്നും പ്രാണികളിൽനിന്നുമുള്ള സരക്ഷണം തുടങ്ങയവ..

- സമ്പൽ സമൃധിയുടെ ദൈവശാസ്ത്രം
    - ദൈവവചനം സമ്പൽ സമൃധിയുടെ ദൈവശാസ്ത്രം പഠിപ്പിക്കുന്നില്ല, എബ്രായ. 3: 17–19.
    - കഷ്ടത വാഗ്ദാനം ചെയ്തിരിക്കുന്നു, യോഹ. 16: 33.
    - യേശുക്രിസ്തു നമുക്കുവേണ്ടി ദരിദ്രനായിത്തീർന്നു.

- സംതൃപ്തിയുടെ ദൈവശാസ്ത്രം
  - എനിക്കു മുട്ടുണ്ടാകയില്ല എന്നതാണു ‘സംതൃപ്തിയുടെ ദൈവശാസ്ത്രം’.
  - “ഉള്ള അവസ്ഥയി ൽ അലംഭാവത്തോടിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ടു”, ഫിലി. 4: 11–12
  - “ഇപ്പോൾ എനിക്കു വേണ്ടുന്നതു എല്ലാം ഉണ്ടു; സമൃദ്ധിയായുമിരിക്കുന്നു”; ഫിലി. 4: 18.
  - “എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിന്നൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും”. ഫിലി. 4: 19.
  - “ഉള്ളതു കൊണ്ടു തൃപ്തിപ്പെടുവിൻ”; എബ്രാ. 13: 5.
  - 1 തീമ. 6: 6–8.

- സമ്പത്തിനോടുള്ള (ധനം) നമ്മുടെ മനോഭാവം
  - ഒരുവൻ പണം കൈകാര്യം ചെയ്യുന്ന രീതി, അവനു ദൈവത്തോടുള്ള ബന്ധത്തെ ചൂണ്ടിക്കാണിക്കുന്നു.
  - 500 വാക്യങ്ങൾ പ്രാർഥനയെ കുറിക്കുമ്പോൾ, 2085 വാക്യങ്ങൾ പണത്തേയും സമ്പത്തിനേയും കുറിക്കുന്നു.
  - 38 ഉപമകളിൽ, 16 എണ്ണവും പണത്തേയും സമ്പത്തിനേയും കുറിച്ചുള്ളതാണു.
  - ഭൗതികമായ സമൃധി നമ്മുടെ ജീവിതത്തൊടുള്ള ദൈവീക അംഗീകാരത്തിൻെറ അടയാളമല്ല. *(ഉദാ. ലാസറും ധനവാനും)*
  - ദൈവം “നീതിമാന്മാരുടെമേലും നീതി കെട്ടവരുടെ മേലും മഴ പെയ്യിക്കയും ചെയ്യുന്നുവല്ലോ”, മത്താ. 5: 45–48.
  - ദൈവീക അനുഗ്രഹങ്ങൾ നമ്മുടെ ആത്മീക അവസ്ഥയുടെയും ചൂണ്ടുപലകയല്ല. *ഉദാ. ലവോദിക്യ സഭയും സ്മുർന്ന സഭയും* (വെളി. 2: 9; 3: 17).
  - സംതൃപ്തിയോടിരിക്കുക ....... ദൈവം കരുതിക്കൊള്ളും. സങ്കീ. 34: 10.

➢ ദൈവീക കരുതലിൽ നിങ്ങൾ സംതൃപ്തരാണോ?

- ഇസ്രായേൽ ജനം ദൈവത്തിനെതിരെ പിറുപിറുത്തു. സംഖ്യ. 11: 4–6, മന്ന ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോഴും, സങ്കീ. 105: 37.
- വേലി ചാടിപ്പോകുന്നവനാണോ ഞാൻ? അങ്ങനെയുള്ള ആടുകളുടെ കാലുകൾ ഇടയൻ ചിലപ്പോഴൊക്കെ ഒടിക്കാറുണ്ട്. സങ്കീ. 51: 8.

## <u>Class-3</u>

### 2 [(a)] – "<u>പച്ചയായ പുല്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു</u>"

**"ഞാൻ തന്നേ എന്റെ ആടുകളെ മേയിക്കയും കിടത്തുകയും ചെയ്യും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു". യെഹ. 34: 15.**

➢ ഒരു ആടിനു കിടക്കുവാൻ വേണ്ടിയുള്ള നാലു ആവശ്യതകൾ

1. ഭയത്തിൽനിന്നുമുള്ള വിടുതൽ
2. സംഘർഷത്തിൽനിന്നുമുള്ള വിടുതൽ
3. പ്രാണികളിൽനിന്നുള്ള വിടുതൽ
4. ആഹാരമില്ലായ്മയിൽനിന്നുള്ള വിടുതൽ

1) <u>ഭയത്തിൽനിന്നുമുള്ള വിടുതൽ</u>

- സ്വതവേ ഭീരുത്വമുള്ള ജീവിയായതിനാൽ, ഭയത്തിൽനിന്നും വിടുതൽ നേടിയെന്നു ഉറപ്പു വരാതെ ആട് കിടക്കയില്ല.
- ഇടയ്ന്റെ സാന്നിധ്യം ഭയത്തിൽനിന്നും ആശ്വാസമേകുന്നു.
- "ഭയപ്പെടേണ്ട ....... ഞാൻ നിന്നൊടുകൂടെയുണ്ട്" യെശ. 43: 1–2.
- "യഹോവ ...... എന്റെ സകല ഭയങ്ങളിൽനിന്നും എന്നെ വിടുവിക്കുന്നു." സങ്കീ. 34:4.
    - *ഒത്തുനോക്കുക – സങ്കീ. 4: 8; 2 തിമ. 1: 7.*
- "ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെയുണ്ട്" മത്താ. 28: 20

❖ കത്തുന്ന തീച്ചൂളയിൽ യഹോവയുടെ സാന്നിധ്യമുണ്ട് – ദാനി. 3: 24–27.

❖ കൊടുംകാറ്റിൽ അവന്റെ സാന്നിധ്യമുണ്ട് – മത്താ. 14: 24, 27.

2) <u>സംഘർഷത്തിൽനിന്നുമുള്ള വിടുതൽ</u>

- ആടുകളുടെ ഇടയിൽ ക്രൂരമായ മത്സരസ്വഭാവം (സ്പർദ്ധ) ഉണ്ട്.
- 'തടിച്ച ആടാകുവാൻ' (പ്രധാന ആടാകുവാൻ) പോരാട്ടം നടത്താറുണ്ട്. യെഹ. 34: 16, 20–22.
- 'കൊമ്പുകൊണ്ടുള്ള ഇടി' – യെഹ. 34: 16, 20–22.

❖ ഇപ്രകാരമുള്ള പോരാട്ടങ്ങളുടെ മദ്ധ്യേ ആളുകൾക്കു (വിശ്വാസികൾക്ക്) മുറിവേൽക്കാം.

❖ ആക്രമണസ്വഭാവം കുറവുള്ള ആടുകൾ, പൊതുവെ ശാന്തരും സ്വസ്ഥതയുള്ളവരും ആയിരിക്കും.

❖ "നിങ്ങൾ വഴിയിൽ വച്ചു ശണ്ഠകൂടരുത്" ഉൽപ്പ. 45: 24.

❖ "നിങ്ങൾ വഴിയിൽ വച്ചു തമ്മിൽ വാദിച്ചത് എന്തു?" – മർക്കോ. 9: 33.

○ *ഒത്തുനോക്കുക – ഫിലി. 4: 2; ആവർ. 24: 9.*

3) <u>പ്രാണികളിൽനിന്നുമുള്ള വിടുതൽ</u>

- പ്രാണികളും (ഈച്ചകൾ), പരോപജീവികളും ആട്ടിൻ കൂട്ടത്തിനു ഹാനി വരുത്തും.
- വ്യത്യസ്ത തരത്തിലുള്ള ഈച്ചകൾ (മൂക്കിനെ ചുറ്റിപറക്കുന്നവ, ചെള്ളുകൾ, മൂളിപറക്കുന്ന ഈച്ചകൾ).
- ഇപ്രകാരമുള്ള ഈച്ചകൾ ശല്ല്യക്കാരായി തീരുന്നു.

❖ ഈച്ചശല്ല്യത്തിൽ നിന്നും മുക്തി നേടുവാനായി, ഔഷധഗുണമുള്ള എണ്ണ മൂക്കിൻെറ ചുറ്റിലും തലയിലും പുരട്ടും.

❖ പഴയ കാലങ്ങളിൽ ഒലിവെണ്ണയായിരുന്നു ഉപയോഗിച്ചിരുന്നത്.

❖ പരിശുദ്ധാത്മാവിനെ എണ്ണയോടു ദൃഷ്ടാന്തീഭവിപ്പിക്കുന്നു – നമ്മുടെ ആശ്വാസകൻ.

❖ ഉപദേശപരമായിരിക്കുന്ന അലട്ടലുകൾ

❖ ശാരീരികമായിരിക്കുന്ന ഉപദ്രവങ്ങൾ

❖ മാനസീകമായ സ്വൈരക്കേട് തുടങ്ങിയവ

❖ ബേൽസെബൂബ് – 'ഈച്ചകളുടെ കർത്താവ്'

4) <u>ആഹാരമില്ലായ്മയിൽനിന്നുമുള്ള വിടുതൽ/വിശപ്പിൽനിന്നുമുള്ള വിടുതൽ</u>

- ആടുകൾ ഭാഗീകമായി ഉണങ്ങിയ നിലങ്ങളിലാണു അഭിവൃദ്ധി പ്രാപിക്കുന്നത്.
- ശരിയായ വിധത്തിൽ നിലം പരിചരിച്ചെങ്കിൽ മാത്രമേ പച്ചയായ പുൽപ്പുറം ഉണ്ടാകുകയുള്ളൂ.
- നിലം ഉഴുത്, വിത്തുകൾ പാകി, പയർവർഗ്ഗത്തിൽ പെട്ട ധാന്യങ്ങൾ വളർത്തുന്നു.
- വിഷച്ചെടികളും, ഉപയോഗശൂന്യമായ കളകളും നീക്കം ചെയ്യണം.

❖ എപ്രകാരം 'മേച്ചൽ കണ്ടെത്താൻ കഴിയും'? വായിക്കുക യോഹ. 10:9.
❖ 'പാലും തേനും ഒഴുകുന്ന ദേശം' അവൻ വാഗ്ദത്വം ചെയ്തിട്ടുണ്ട്.
❖ 'നിൻെറ സന്നിധിയിൽ സന്തോഷ പരിപൂർണ്ണതയുണ്ട്' – സങ്കീ. 16: 11.

## Class-4

**2 (b) – <u>"സ്വസ്ഥ തയുള്ള വെള്ളത്തിന്നരികത്തേക്കു എന്നെ നടത്തുന്നു"</u>**

➢ ഭാഗീകമായ ഊഷരഭൂമിയിലാണു ആടുകൾ മേയുന്നതെങ്കിലും, വെള്ളം വളരെ ആവശ്യമുണ്ട്.
➢ ശരീരത്തിൻെറ 70% ഭാഗവും വെള്ളമാണു.
➢ ശരിയായ ശരീരപോഷണത്തിനു വെള്ളം അനിവാര്യമാണു.
➢ ദാഹം എന്നത് വെള്ളം ആവശ്യപ്പെട്ടുകൊണ്ടുള്ള ശരീരശാസ്ത്രപരമായ ഒരു സൂചനയാണു.

- മനുഷ്യൻ ഒരു ആത്മീക ജീവിയായതിനാൽ, ദൈവത്തെക്കുറിച്ചുള്ള അന്വേഷണം അവൻെറ അന്തരംഗത്തിൽ തന്നെയുണ്ട്.
- **"മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ ദൈവമേ, എന്റെ ആത്മാവു നിന്നോടു ചേരുവാൻ കാംക്ഷിക്കുന്നു." സങ്കീ. 42:1**

- ആടിനെ ശരിയായ രീതിയിൽ പരിപാലിച്ചില്ലെങ്കിൽ മലിനമാക്കപ്പെട്ട വെള്ളം കുടിക്കുവാനും രോഗം ഉണ്ടാകുവാനും ഇടയായിത്തീരും. 1 പത്രോ. 2: 1–2.
- വ്യത്യസ്ത പരോപജീവികളാൽ (അണുക്കളാൽ) നിറയപ്പെട്ട അവസ്ഥ ഉണ്ടാകും.

❖ "ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നി ന്നു കൊണ്ടു: ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ." യോഹ. 7:37

❖ "യേശു അവളോടു: ഈ വെള്ളം കുടിക്കുന്നവന്നു എല്ലാം പിന്നെയും ദാഹിക്കും. ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാ ഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവ ങ്കലേക്കു പൊങ്ങിവരുന്ന നീരുറവായിത്തീരും എന്നു ഉത്തരം പറഞ്ഞു". യോഹ. 4:13–14

❖ "നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ; അവക്കു തൃപ്തി വരും". മത്താ. 5:6

➢ ആടിനു വെള്ളം ലഭ്യമാകുന്ന മൂന്നു ഉറവിടങ്ങൾ

- ആട്ടിടയനു മാത്രമേ സ്വസ്ഥതയുള്ള ശുദ്ധമായ വെള്ളം അറിയുകയുള്ളൂ.

<u>മൂന്നു ഉറവിടങ്ങൾ</u>

1. പുൽപ്പുറത്തെ മഞ്ഞ്
2. ആഴമുള്ള കിണർ
3. അരുവികൾ/ജലധാരകൾ

## 1. പുൽപ്പുറത്തെ മഞ്ഞ്

- ആടുകളെ അതിരാവിലെ എഴുന്നേൽപ്പിച്ച് പുൽപ്പുറത്തു നിറഞ്ഞിരിക്കുന്ന മഞ്ഞുതുള്ളികൾ ഭക്ഷിക്കുവാൻ അനുവദിക്കും.
  - അതിരാവിലെ ഉറക്കമുണർന്നു ദൈവീകസമ്പർക്കമുണ്ടാകുന്നത് ഉന്മേഷ്ദായകമായ അനുഭവമാണു.
  - കർത്താവുമായി സമയം ചിലവിടുന്നത് അനുഗ്രഹപൂർണ്ണമായ അവസ്ഥയാണു. – യെശ. 50:4.
  - *ഒത്തുനോക്കുക – സങ്കീ. 1; യിര. 17:8; മലാഖി 3:16.*

- എന്നേക്കുമുള്ള തൃപ്തി തരുവാൻ ഈ ലോകത്തിൽ മറ്റൊന്നിനും സാധ്യമല്ല. യോഹ. 6:6, 11–2.
- യിര. 2:13, യേശുക്രിസ്തുവിനു മാത്രമേ സംതൃപ്തി നൽകുവാൻ കഴിയുകയുള്ളൂ.

2. <u>ആഴമുള്ള കിണറ്റിലെ വെള്ളം</u>
    - ഉൽപ്പ. 30:38; യോഹ. 4:6, 11–12; ഉൽപ്പ.29:2–10; ഉൽപ്പ. 24: 16, 20; പുറ. 2:16–17.
    - പാറ തുരന്നു വളരെ വിസ്താരമേറിയ കിണറുകാളാണിത്, വെള്ളത്തിലേക്ക് ഇറങ്ങിച്ചെല്ലുവാനായി ചരിഞ്ഞപടികളും ഉണ്ടാകും.
    - തണുപ്പുള്ള ശുദ്ധമായ വെള്ളം കോരിയെടുത്തു പാത്രങ്ങളിൽ നിറയ്ക്കും.
3. <u>അരുവികൾ/ജലധാരകളിൽ നിന്നുമുള്ള വെള്ളം</u>
    - മലകളിൽനിന്നും ഒഴുകിവരുന്ന ജലധാരകളുടെ അരികിലേക്ക് ഇടയൻ ആടുകളെ നടത്താറുണ്ട്. സങ്കീ. 104: 10–14.
        - ആശ്വസിപ്പിക്കുന്ന ശുശ്രൂഷ – പരിശുദ്ധാത്മാവിൻെറ ശുശ്രൂഷയോട് തുലനം ചെയ്യുന്നത്. സങ്കീ. 65:9; 46:4.
        - അതു ശുദ്ധവും നമ്മെ ശുദ്ധീകരിക്കുന്നതുമാണു. വെളി. 22:1; യെഹ. 47:1–9; 1 രാജ. 7:23–25; പുറ. 38:8.

## <u>Class-5</u>

### 3 (a) – "<u>എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു;</u>"

- ആടുകൾക്ക് വീഴ്ചയിൽനിന്നുമുള്ള പുനരുദ്ധാരണം അനേകപ്രാവിശ്യം ആവശ്യമുണ്ട്.
- ദാവീദ് ദൈവത്തിൻെറ ഹൃദയപ്രകാരമുള്ള മനുഷ്യനായിരുന്നു, എന്നിട്ടും അനേക തവണ ദൈവം അവനെ പുനഃസ്ഥാപിപ്പിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്തു.
    - ഇപ്രകാരം വായിക്കുന്നു, 1 ശമുവേൽ 30:6,19 . "ദാവീദോ തന്റെ ദൈവമായ യഹോവയിൽ ധൈര്യ്ം പ്പെട്ടു;..... ദാവീദ് എല്ലാം മടക്കി കൊണ്ടു പോന്നു."

## <u>വീണുപോയ ആട്</u>

- ആട് മലർന്നു വീണു പോകുന്നതിനു ഇടയന്മാർ ഉപയോഗിക്കുന്ന പദമാണിത്.
- മനസ്സിൻെറ ഒരു സ്ഥിതി കൂടിയാണിത് – സങ്കീ. 42:5–6.
- വീണുപോയ അവസ്ഥയെന്നതു ശാരീരികവും മാനസീകവുമായ അവസ്ഥാവിശേഷമാണു.
- ഇപ്രകാരമുള്ള ആടിനു സ്വയം എഴുന്നേൽക്കുവാൻ കഴിയുകയില്ല, ഒരു ദയനീയ കാഴ്ചയാണിത്.
- എന്നാൽ കരുതലുള്ള ഒരു ഇടയനു വീണുപോയ ആടിനെ പുനഃസ്ഥാപിപ്പിക്കുവാൻ സാധിക്കും.
- ഇടയൻ എല്ലയ്പ്പോഴും ആടുകളെ എണ്ണുന്നതിനാൽ ആട് നഷ്ടപ്പെട്ടിട്ടുണ്ടോ എന്നറിയുവാൻ കഴിയും.

➢ നഷ്ടപ്പെട്ട/വീണുപോയ ആടിനെ കണ്ടെത്തുന്ന രീതി
  - വലിയ ഇടയൻ – എബ്രായ. 13:20

➢ ഈ വീഴ്ച എങ്ങനെ സംഭവിക്കുന്നു?
<u>മൂന്നു കാരണങ്ങൾ താഴെ കൊടുക്കുന്നു.</u>
  1. ആനന്ദപ്രദമായ മേഖലകൾ അന്വേഷിച്ചു പോകുന്നു.
  2. കനത്ത രോമം സംഭരിക്കപ്പെടുന്നു.
  3. ധാരാളം കൊഴുപ്പു അടിഞ്ഞു കൂടുന്നു.

1. <u>ആനന്ദപ്രദമായ മേഖലകൾ അന്വേഷിച്ചു പോകുന്നു</u> – ലോക സുഖത്തോടുള്ള സ്നേഹം.
   - അൽപ്പം ഇടിഞ്ഞ (കടുംതൂക്കായ) സ്ഥലങ്ങളിൽ കിടക്കുവാൻ ആടിനു വളരെ താൽപര്യമാണു.
   - പൊടുന്നനെ ഭൂഗുരുത്വ കേന്ദ്രത്തിനു വ്യതിയാനം സംഭവിക്കും.
   - പരിഭ്രാന്തി മൂലം ആടിൻെറ വയറിനുള്ളിൽ വായു നിറയുകയും, വയർ വീർത്ത് കാലുകളിലേക്കുള്ള രക്ത ഓട്ടം നിലയ്ക്കും. ആടിനു അതു ദോഷമായി ഭവിക്കും.

- ലോത്തിൻെറ ഭാര്യയെ ഓർത്തുകൊൾക.
    - <u>ലോത്തിൻെറ ജീവിതത്തിലെ ഇറങ്ങിപ്പോക്കിൻെറ ആറു പടികൾ</u>. *ഉത്പ. 13:10–14*

1. ലോത്ത് കണ്ണുകൊണ്ട് നോക്കി – കാഴ്ചയാലുള്ള നടത്തം
2. ലോത്ത് തിരഞ്ഞെടുത്തു – സ്വയത്തിൽനിന്നുള്ള തിരഞ്ഞെടുപ്പ്
3. ലോത്ത് കിഴക്കോട്ടു യാത്ര ചെയ്തു – സങ്കീ. 1
4. ലോത്ത് പട്ടണങ്ങളിൽ പാർത്തു – വാ. 12
5. ലോത്ത് സോദോം വരെ കൂടാരം നീക്കി അടിച്ചു
6. ലോത്ത് അബ്രഹാമിൽനിന്നും വേർപെട്ടു. വാ. 11, 14
    - ആയതിനാൽ അവനു വീഴ്ച സംഭവിച്ചു – സുഖം അന്വേഷിച്ചുള്ള യാത്ര.

2. <u>കനത്ത രോമം സംഭരിക്കപ്പെടുന്നു – സ്വാർഥ ജീവിതം/ജീവനത്തിൻെറ പ്രതാപം</u>
    - പുരോഹിതൻ വിശുദ്ധസ്ഥലത്തു ആടിൻ രോമംകൊണ്ടുള്ള വസ്ത്രം ധരിക്കുവാൻ പാടുള്ളതല്ല. യെഹ. 44:18
    - കോരിന്ത്യർ ആത്മീക അഹങ്കാരത്താൽ ചീർത്തു പോയി.

3. <u>ധാരാളം കൊഴുപ്പു അടിഞ്ഞു കൂടുന്നു – ജഡം</u>
    - ഭൗതീകമായ വിജയങ്ങൾ ആത്മീക അഭിവൃദ്ധിയുടെ അളവുകോലല്ല.
    - ഉദാ. ലവോദിക്യസഭ, വെളി. 3:17, അവർക്കു സമ്പൽസമൃദ്ധി ധാരാളം ഉണ്ടായിരുന്നു – കൊഴുപ്പടിഞ്ഞുകൂടിയ അവസ്ഥ.
    - ജഡത്തിൻെറ മോഹം വീഴ്ചയ്ക്കു കാരണമായിത്തീരുന്നു.

<u>വിശ്വാസിയുടെ വീഴ്ചയ്ക്കു കാരണമാകാവുന്ന മൂന്നു കാര്യങ്ങൾ</u>

- ലോകസ്നേഹം – ദേമാസ് ലോകത്തെ സ്നേഹിച്ചു, 2 തീമ. 4:10
- ജീവനത്തിൻെറ പ്രതാപം – പിശാച്
- ജഡമോഹം

- ലോകം, പിശാച്, ജഡം
- വിജയം വരിച്ച മൂന്നു വ്യക്തികൾ – നോഹ, ഇയ്യോബ്, ദാനിയേൽ
    - *ഒത്തുനോക്കുക – 1 യോഹ. 2:16; യെഹ. 14:14.*

## Class-6

### 3 (b) – "തിരുനാമംനിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു"

- ആടു മേയ്ക്കലും  നിലം പരിചരണവും
  - അധികമായുള്ള മേയ്ക്കലും നിലം ശ്രദ്ധിക്കാതിരിക്കുന്നതും പുൽമേടുകളെ നശിപ്പിക്കും.
  - ആയതിനാൽ ഒരു നല്ല ഇടയൻ നിലം പരിചരിക്കുന്നതിനോടുള്ള ബന്ധത്തിൽ താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കും.
    - പുൽമേട്ടിലേക്കു ആടുകളെ കൊണ്ടുപോകുന്നതിനു മുൻപായി ആടുകളെ ഉൾക്കൊള്ളുവാനുള്ള ആ പ്രദേശത്തിൻെറ പ്രാപ്തി മനസ്സിലാക്കും.
    - അമിതമായ മേയ്ച്ചിൽ പുൽമേടുകളെ ഉന്മൂലനാശം വരുത്തും. അതുകൊണ്ടു ഇടയൻ ഒന്നിലധികം പുൽപ്പുറങ്ങളിലേക്കു ആടുകളെ മാറ്റിക്കൊണ്ടിരിക്കും. പുൽപ്രദേശങ്ങളിൽ നല്ല രീതിയിൽ പുല്ലു വളരുവാൻ ഈ നടപടി സഹായിക്കും. മാത്രവുമല്ല അമിതമായ മേയ്ച്ചിൽ മണ്ണിനും ഗുണമായിത്തീരുകയില്ല.
    - ഒരു പ്രദേശത്തുതന്നെയുള്ള മേയ്ച്ചിൽ അണുബാധയിലേക്കും നയിക്കപ്പെടാം. ഇതു തടയുവാൻ പ്രദേശം മാറിക്കൊണ്ടിരിക്കുന്നതു അനിവാര്യമാണു, അല്ലെങ്കിൽ ആടുകൾ രോഗബാധിതരും അവശരും ആയിത്തീരും. ഉൽപ്പ. 37:16–17.

<u>പ്രാദേശിക സഭ</u> – മേച്ചിൽ സ്ഥലം/ഇടയൻ

- വിശുദ്ധന്മാരുടെ മേച്ചിൽപുറമാണു പ്രാദേശിക സഭ (സ്ഥലംസഭ)

<u>ആത്മീകപോഷണത്തിനുള്ള ചില തത്വങ്ങൾ</u>

1. വഹിക്കുവാനുള്ള കഴിവിനെക്കുറിച്ച് ബോദ്ധ്യമുണ്ടായിരിക്കണം. ഒരു പ്രാദേശിക സഭയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ അംഗസംഖ്യ എത്രയായിരിക്കണം? മത്താ. 18:20; മർക്കോ.6:40; താരതമ്യം ചെയ്യുക 2 കോരി. 2:18.

2. മേച്ചിൽപ്പുറം (ആത്മീകപോഷണം) വിവിധമായിട്ടുള്ളതായിരിക്കണം – ഒന്നിലധികം മൂപ്പന്മാർ. ഒറ്റയാൾ ശുശ്രൂഷയായിരിക്കരുത്, വ്യത്യസ്ത വ്യക്തികൾ വ്യത്യസ്തങ്ങളായ ശുശ്രൂഷകൾ ചെയ്യണം.
3. വിഷയങ്ങളിൽ വ്യത്യാസം വരുത്തണം. ആടുകൾക്കു ഒരേ ആഹാരം തന്നെ തിന്നുവാനുള്ള പ്രവണതയുണ്ട്, എന്നാൽ ഇതു അണുബാധയിലേക്കും മറ്റും നയിച്ചേക്കാം. ബഹുവിധമായ ഉപദേശവിഷയങ്ങളുടെ സംതുലിതമായ പഠിപ്പീരുകൾ വിശ്വാസികളുടെ ആത്മീക ആരോഗ്യത്തിനു ഉതകുന്നതായിരിക്കും.

➢ അവൻ എന്നെ നടത്തുന്നു...

- 'യഹോവ എന്നെ നടത്തിക്കൊണ്ടു വന്നുവല്ലോ', ഉൽപ്പ. 24:27 (ആദ്യ വേദഭാഗം)
- ആടിൻെറ സ്വന്ത വഴി അപകടം നിറഞ്ഞ വഴിയാണു.
- ഒരു ആട് വഴി തെറ്റിപ്പോയാൽ വളരെ ദാരുണമായ കാര്യമായിരിക്കും സംഭവിക്കുക. യെശ. 53:6.
- വിനാശകരമായ വഴികളായിരിക്കും, സദൃ. 16:25; 14:12; യിര. 10:23–24.
- യേശു പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെപ്പോലെ കണ്ടു, മത്താ. 9:36.
- യേശുക്കർത്താവാണു ഏക വഴി – യോഹ. 14:6; 10:3–4.
- അവൻെറ വഴികളിലൂടെ നടക്കാം – എഫേസ്യ. 5:2,8, സ്നേഹത്തിൽ നടക്കാം, വെളിച്ചത്തിൻെറ മക്കളായി നടക്കാം.

➢ അവൻ എപ്രകാരമാണു എന്നെ നടത്തുന്നത്....

1. കാഴ്ചയാൽ അല്ല വിശ്വാസത്താൽ നാം നടക്കണം, 2 കോരി. 5:7.

- "എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളല്ല; നിങ്ങളുടെ വഴി കൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു. ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളു ടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു". യെശ. 55:8–9
- ശമുവേൽ രാജാവിനെ തിരഞ്ഞെടുക്കുന്നു, 1 ശമു. 16:7,12.

- ഒത്തുനോക്കുക, സദൃ. 3:5–6; 16:1–3,9. നമ്മുടെ വഴി യഹോവയിൽ ഭരമേൽപ്പിക്കുക.
- കർത്താവ് തൻെറ വഴി തിരുവചനത്തിലൂടെ വെളിപ്പെടുത്തിത്തരുന്നു.
- സഭയായി നാം കൂടുമ്പോൾ ദൈവം തൻെറ ആലോചന നമുക്കു വെളിപ്പെടുത്തിത്തരുന്നു.
- രൂപാന്തരപ്പെട്ട മനസ്സോടെ വ്യക്തിപരമായി നാം വചനം വായിക്കുമ്പോൾ, ദൈവം തൻെറ ഹിതം നമുക്കു വെളിപ്പെടുത്തിത്തരും. റൊമ. 12:1–2.

2. യഹോവയുടെ വഴികൾ നീതിയുള്ളവയാണു, യാതൊരു അനീതിയും അവനിലില്ല.
   - അവനോടുള്ള നമ്മുടെ ഭക്തിയും, അവൻെറ വഴികളിൽ നടക്കുവാനുള്ള നമ്മുടെ ആഗ്രഹവും, നീതിപാതകളിൽ നടക്കുവാൻ നമ്മെ സഹായിക്കുന്നു. സങ്കീ. 25:12; 37:4–5, 1 തെസ്സ. 4:1.
   - തെറ്റായ മാർഗ്ഗത്തിലൂടെയുള്ള പണസമ്പാദനം യഹോവയുടെ വഴിയല്ല.
   - 2 രാജാ. 5:20–24
3. അവൻെറ വഴികളുടെ അവസാനം ദൈവത്തിന്നു മഹത്വം കൊടുക്കുന്നതായിത്തീരും.
   - "അവൻ എന്നെ നടത്തുന്നതു ............. തിരുനാമം നിമിത്തമാണു."
   - സ്വന്ത വഴികളിൽ നടക്കുകയും പ്രവർത്തിക്കുകയും ചെയ്കതിനാൽ ഇസ്രായേൽ ദൈവീക അനുഗ്രഹങ്ങളെ മലിനമാക്കി – യെഹ. 36:17
   - നമുക്കു ലഭിക്കുന്ന സകല അനുഗ്രഹങ്ങളും, ആരോഗ്യവും, സമ്പത്തും, കുടുംബവും എല്ലാം ദൈവമഹത്വത്തിനായി തീരണം. യെശ. 43:4–7.

## <u>Class-7</u>

### 4 (a) – "കൂരിരുൾതാഴ്വരയിൽ കൂടി നടന്നാലും......."

➢ തൻെറ സാന്നിധ്യം ഉറപ്പു തരുന്നു.
- 'ഞാൻ', 'നീ' പദങ്ങൾ സംഭാഷണത്തിൽ കടന്നു വരുന്നു.
- ആഴമേറിയ സ്നേഹബന്ധത്തിൻെറ ഹൃദ്യമായ വിവരണം.

➢ ഒരു ആടിൻെറ വാർഷിക ചക്രം (Annual cucle)

- തണുപ്പുകാലത്തും വസന്തകാലത്തും ഇടയൻ ആടുകളെ തൻെറ വീടിനോട് ചേർന്നുള്ള മേച്ചിൽ പ്രദേശങ്ങളിലാണു മേയ്ക്കുന്നത്. വാ. 1–3.
- വേനൽക്കാലത്തും ശരൽക്കാലത്തും ആടുകളുമായി ഉന്നതമായ ഭൂപ്രദേശങ്ങളിലേക്ക് പോകുകയും, അടുത്ത തണുപ്പുകാലമാകുമ്പോഴേക്കും ഭവനത്തിലേക്കു മടങ്ങി വരികയും ചെയ്യും. വാ. 4–6.

➢ ഇടയൻ ആടുകളുമായി ഉന്നതമായ ഭൂപ്രദേശങ്ങളിലേക്ക് പോകുന്നു

- വേനൽക്കാലത്തു ഇടയൻ തൻെറ വീടിനോട് ചേർന്നുള്ള മേച്ചിൽ പ്രദേശങ്ങൾ വിട്ടിട്ട് ഉന്നതമായ ഭൂപ്രദേശങ്ങളിലേക്ക് ആടുകളുമായി പോകുന്നു.
- മലമുകളിലുള്ള പുൽത്തകിടി ആടുകൾ നന്നായി രസിക്കുന്നുതിനോടൊപ്പം ഇടയനുമായുള്ള ഹൃദ്യമായ സൗഹൃദവും ആസ്വദിക്കുന്നു.
- ശരൽക്കാലം അവസാനിക്കാറാകുമ്പോഴേക്കും ആടുകളുമായി യാത്ര തിരിച്ചു ശൈത്യകാലമെത്തുമ്പോഴേക്കും മടങ്ങി ഭവനത്തിൽ എത്തിച്ചേരുന്നു.

<u>മലയുടെ മുകൾപ്രദേശം (Table Mount)</u>

➢ മലയുടെ മുകൾപ്രദേശത്ത് എത്തുന്നതിനുമുൻപായി ഒരു താഴ്‌വര കടക്കേണ്ടതായിട്ടുണ്ട്.

- കൂരിരുൾ താഴ്‌വരയിലൂടെ നടന്നാലും....

➢ എന്തുകൊണ്ടാണു താഴ്‌വരയിലൂടെ കടക്കേണ്ടതായി വരുന്നത്?

1. ഇടയൻെറ ഹൃദ്യമായ കൂട്ടായ്മയും കരുതലും ആസ്വദിക്കുവാനായി താഴ്‌വരയിലൂടെ കടന്നുപോകേണ്ടത് ആവശ്യമാണു.
2. ശുദ്ധമായ ജലധാരയാലുള്ള ഉത്തേജനം പ്രാപിക്കണമെങ്കിൽ താഴ്‌വരയിലൂടെ കടന്നുപോകേണ്ടത് ആവശ്യമാണു.
3. ഏറ്റവും പോഷകഗുണമുള്ള ആഹാരം ലഭിക്കുന്നത് താഴ്‌വരയിലാണു.

4. നമ്മെ താഴ്ത്തി ആത്മീക പക്വതയിലേക്കു നയിക്കുവനായി താഴ്‌വരയിലൂടെ കടന്നുപോകേണ്ടത് ആവശ്യമാണു.

1. <u>ഹൃദ്യമായ കൂട്ടായ്മയും കരുതലും ആസ്വദിക്കുവാൻ വേണ്ടി</u>
   - ഇടയനുമായുള്ള ഗാഢസൗഹൃദം അനുഭവിക്കേണ്ടതിനായി മലമുകളിലേക്കു പോകുവാൻ ആടിനു അതിയായ ആഗ്രഹമുണ്ട്.
   - പക്ഷെങ്കിൽ താഴ്‌വരയിലൂടെ പോകേണ്ടത് ആവശ്യമാണു.
   - യാത്ര വളരെ പ്രയാസമേറിയതാണു.
   - ശക്തമായ കാറ്റ്, വെള്ളപ്പോക്കം, മലയിടിച്ചിൽ, ഹിമപാതം, വിഷച്ചെടികൾ, ഹിംസ്രജന്തുക്കൾ, ആലിപ്പഴം, മഞ്ഞുമൂടൽ, ചെങ്കുത്തായ പിളർപ്പുകൾ തുടങ്ങിയവ ഈ പാതയിലുണ്ടാകാം.
   - എന്നാൽ നമ്മുടെ ഇടയൻ നമ്മോടു കൂടെയുണ്ട്. യെശ. 43:2, 1 കോരി. 10:13; എബ്രാ. 4:14–15.
   - "ഞാൻ ഒരു അനർത്ഥ വും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ;"

2. <u>ഈ താഴ്‌വരകളിലാണു നമ്മുടെ പ്രാണനു ഉത്തേജനം കൈവരിക്കുന്നതു.</u>
   - ഇവിടെ ഒരുവനു ഉന്മേഷദായകമായ ജലം ഉടനീളം ലഭിക്കുന്നു.
   - നദികളും, ജലധാരകളും, അരുവുകളും, സ്വസ്ഥതയുള്ള കുളങ്ങളും എല്ലാം അവിടെയുണ്ട്.
   - ദാഹിച്ചിരിക്കുന്ന ആട്ടിൻകൂട്ടങ്ങൾക്കു ഇവിടെ സംതൃപ്തി കൈവരുന്നു.
   - ഇവിടെനിന്നുമാണു ഇടയന്മാർ വന്യമൃഗങ്ങളെ കൊല്ലുവാനായി മിനുസമുള്ള കല്ലുകൾ ശേഖരിക്കുന്നതു. 1 ശമു. 17:40
   - താഴ്‌വരയിൽനിന്നും ലഭിക്കുന്ന അനുഭവങ്ങൾ മറ്റുള്ളവരെ ആശ്വസിപ്പിക്കുവാൻ മുഖാന്തിരമായിതീരുന്നു. 2 കോരി. 1:3,4.; 2 കോരി. 12:9.

3. <u>ഏറ്റവും പോഷകഗുണമുള്ള ആഹാരം ലഭിക്കുന്നത് താഴ്‌വരയിലാണു.</u>
   - പോഷകമേറിയ നാൽക്കാലി ഭക്ഷണം കാണപ്പെടുന്നത് താഴ്‌വരകളിലാണു.
   - പെണ്ണാടുകൾക്കും കുഞ്ഞാടുകൾക്കും ഈ തീറ്റ വളരെ അനിവാര്യമാണു.

- ഇവിടെയാണു തള്ളയാടുകൾ കുഞ്ഞാടുകളെ മലകയറുവാനുള്ള വഴി പഠിപ്പിച്ചു കൊടുക്കുന്നത്.
- ഇത് അപകടമേറിയ പാതയാണു. ആവർ. 8:2–6; സങ്കീ. 107:7; 119:71, 67.
- എന്നിരിക്കിലും മലമുകളിലേക്കു പൊകുവാൻ ഏറ്റവും മെച്ചമായ പാത ഇതാണെന്നു ഇടയനു നന്നായി അറിയാം.

4. <u>നമ്മെ താഴ്ത്തി ആത്മീക പക്വതയിലേക്കു നയിക്കുന്നു</u>

- ഉയരങ്ങളിലേക്കു പോകുംതോറും ശക്തമായ കാറ്റുവീശൽ അനുഭവപ്പെടും. പെട്ടന്നുണ്ടാകുന്ന ഇത്തരം കാറ്റുവീശൽ ആടുകളെ താഴ്വരയിലേക്കു തള്ളിയിടുവാൻ ഇടയുണ്ട്.
- ആടുകളുമായി മലമുകളിലേക്കു പോകുമ്പോൾ കാറ്റിന്റെ ദിശ ഇടയൻ നന്നായി അറിഞ്ഞിരിക്കണം.
- താഴ്വരയിലൂടെ കടന്നു പോകുമ്പോൾ ആട് കൂടുതൽ ശക്തി ആർജ്ജിക്കുകയും ഊർജ്ജസ്വലമായിത്തീരുകയും ചെയ്യുന്നു.

➢ <u>പൗലോസിന്റെ ആത്മീക പക്വത</u>

- ○ എ.ഡി. 57 ൽ പൗലോസ് ഇപ്രകാരം പറഞ്ഞു, "ഞാൻ അപ്പൊസ്തലന്മാരിൽ ഏറ്റവും ചെറയവനല്ലോ...."
- ○ എ.ഡി. 60 ൽ പൗലോസ് പറഞ്ഞത്, "സകലവിശുദ്ധന്മാരിലും ഏറ്റവും ചെറിയവനായ എനിക്കു….."
- ○ എ.ഡി. 65 ൽ പൗലോസ് പറയുന്നത് ശ്രദ്ധിക്കുക, "ആ പാപികളിൽ ഞാൻ ഒന്നാമൻ."

## <u>Class-8</u>

**4 (b) – <u>"നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു."</u>**

○ നിന്റെ വടിയും ..... കോലും ...

➢ ഇടയൻ കൊണ്ടുനടക്കുന്ന സാമഗ്രികൾ

- വടിയും കോലും – അതിപ്രധാനമായ ഉപകരണങ്ങൾ
- ഈ നാളുകളിൽ ഇടയന്മാർ തോക്കുകൾ കൈവശം വയ്ക്കാറുണ്ട്.

- പഴയ കാലങ്ങളിൽ ഇടയന്മാർ കവണ കൊണ്ടുനടക്കുമായിരുന്നു. ഉദാ. ദാവീദ്
- ഭക്ഷണപ്പൊതി വയ്ക്കുവാനായി ചെറിയൊരു സഞ്ചി ഉണ്ടാകും.
- വെള്ളം നിറച്ച കുപ്പി.
- പ്രഥമശുശ്രൂഷയ്ക്കാവശ്യമായ എണ്ണയും വീഞ്ഞും അടങ്ങിയ ചെറിയ പെട്ടി.
- ഇടയന്റെ സഞ്ചി/മടിശ്ശീല. 1 ശമു. 17:40.
- വിനോദത്തിനുവേണ്ടി സംഗീതോപകരണങ്ങളായ വീണയോ, കിന്നരമോ ഒക്കെ കരുതും. ഉദാ. ദാവീദ് കിന്നരം ഉപയോഗിച്ചിരുന്നു. 1 ശമു. 16:16.

➢ ഇടയന്റെ കയ്യിലെ വടി

- വടി നന്നായി ഉപയോഗിക്കുവാൻ അറിയാവുന്നവനാണു നല്ല ഒരു ഇടയൻ.
- വടി അധികാരത്തിന്റെ ചി   മാണു.
- പ്രതിരോധത്തിന്റെയും ശക്തിയുടേയും/അധികാരത്തിന്റെ ഉപകരണം കൂടിയാണു വടി. ഉദാ. മോശയുടെ വടി.
- ശത്രുവിനു ഭയവും ആടുകൾക്കു ആശ്വാസവുമാണു വടി.

<u>വടി സംസാരിക്കുന്നത് ദൈവ വചനത്തെയാണു.</u>

➢ ആശ്വാസത്തിന്റെ വടി.

➢ ദൈവവചനം നൽകിത്തരുന്ന ആശ്വാസത്തിന്റെ കാര്യങ്ങൾ.

1. <u>വടി അധികാരത്തെ കാണിക്കുന്നു - ദൈവവചനത്തിന്റെ ആധികാരികത നമ്മെ ആശ്വസിപ്പിക്കുന്നു.</u>

    - “യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു” ഒരുവിധ സംഭ്രാന്തിക്കും ആശയക്കുഴപ്പത്തിനും വകയില്ല.

- പരീശന്മാരേപ്പോലെയല്ല, യേശു അധികാരത്തോടെ സംസാരിച്ചു, മത്താ. 7:29, അവൻെറ വചനത്തിൽ 'വിസ്മയിച്ചു' 'ആശ്ചര്യപ്പെട്ടു'. മത്താ. 7:28; ലൂക്കോ. 4:22–ലാവണ്യവാക്കുകൾ

2. <u>വടി ആടുകൾക്കു താക്കീതു കൊടുക്കുവാൻ ഉപയോഗിക്കുന്നു.</u>
    - വിഷച്ചെടികൾ തിന്നാതെ ആടുകളെ അകറ്റി നിർത്തുന്നു.
    - അനുസരണമില്ലാത്ത ആടുകളെ കൂട്ടത്തിലേക്കു മടക്കി കൊണ്ടു വരുന്നു.
    - ദൈവവചനം നമ്മെ പാപത്തിൽ നിന്നു അകറ്റുകയും പിന്മാറ്റക്കാരനെ യഥാസ്ഥാനപ്പെടുത്തുകയും ചെയ്യുന്നു.

3. <u>വടി ആടുകളെ എണ്ണുവാൻ ഉപയോഗിക്കുന്നു</u>
    - ആടുകളെ എണ്ണുന്ന പ്രക്രിയയെ 'കോലിൻ കീഴെ കടത്തുക' എന്നാണു വിളിക്കുന്നത്. യെഹ. 20:37.
    - നഷ്ടപ്പെട്ട ആടിനെ മനസ്സിലാക്കുവാൻ വടി സഹായിക്കുന്നു. ലൂക്കോ. 15:4
    - തൊലിയുടെ അവസ്ഥപരിശോധിക്കുവാൻ വടി സഹായകമാകുന്നു. എബ്രാ. 4:12. ആടുരോമത്തിൻെറ ശുചിത്വം മനസ്സിലാക്കുവാനും ഇതു സഹായിക്കുന്നു. സങ്കീ. 139:23–24.

4. <u>വടി ഇടയനേയും ആടിനേയും ഒരുപോലെ സം രക്ഷിക്കുന്നു.</u>
    - ഇടയൻ തൻെറ കയ്യിലെ വടി ഉപയോഗിച്ച് വന്യമൃഗങ്ങളുടെ തല തകർക്കുന്നു.
    - ദാവീദ് ഒരു സിംഹത്തേയും കരടിയേയും കൊന്നു. 1 ശമു. 17:34–37.

<u>കോൽ സംസാരിക്കുന്നതു പരിശുദ്ധാത്മാവിൻെറ ശുശ്രൂഷയെയാണു.</u>

➢ കരുതലിൻേറയും ആർദ്രദയുടേയും ചി മാണു കോൽ.

കോൽ ആടിനെ ആശ്വസിപ്പിക്കുന്ന വിധങ്ങൾ.

1. കോൽ ദീഘലക്ഷമയേയും ദയയേയും കാണിക്കുന്നു.
   - കൂട്ടത്തിന്റെ ഹൃദ്യമായ ബന്ധത്തിലേക്കു ആടിനെ അടുപ്പിക്കുന്നു. സങ്കീ. 133.
   - കൂട്ടം വിട്ടു നടക്കുന്ന കുഞ്ഞാടിനെയും തള്ളയാടിനേയും തമ്മിൽ കൂട്ടിച്ചേർക്കുവാൻ കോൽ സഹായിക്കുന്നു.

2. കോൽ ആടിനെ ഇടയന്റെ അരികിലേക്കു കൊണ്ടുവരുന്നു.
   - പരിശുദ്ധാത്മാവു എല്ലയിപ്പോഴും നമ്മെ ക്രിസ്തുവിന്റെ അരികിലേക്കു അടുപ്പിക്കുന്നു. യോഹ. 16:14–15.
   - പരിശുദ്ധാത്മാവ് ക്രിസ്തുവിനെ ഉയർത്തിക്കാണിക്കുന്നു, ആയതിനാൽ നാം അവന്റെ അടുക്കലേക്കു അടുത്തുവരുന്നു.
   - ''ഞാനോ ഭൂമിയിൽ നിന്നു ഉയർത്ത്പ്പെട്ടാൽ എല്ലാവരെയും എങ്കലേക്കു ആകർഷിക്കും എന്നു ഉത്തരം പറഞ്ഞു.'' യോഹ. 12:32

3. കോൽ ആടുകളുടെ മാർഗ്ഗനിർദ്ദേശിയായി ഉപയോഗിക്കുന്നു.
   - ഇടയൻ കോൽ ഉപയോഗിച്ചു ആടിനെ സ്പർശിക്കുന്നു, അങ്ങനെ 'കൈയ്യോടു കൈ കോർത്തു നടക്കുന്ന' അനുഭവം സാധ്യമായിത്തീരുന്നു. യോഹ. 14:18; 16:13.
   - പരിശുദ്ധാത്മാവ് ഇന്നും നമ്മെ നാം അറിയാത്ത അതിശയകരമായ മർഗ്ഗത്തിലൂടെ നയിക്കുന്നു.  ഉദാ. രൂത്തിന്റെ ഓരോ ചുവടുകളും ദൈവമാണു നിയന്ത്രിച്ചിരുന്നത്.

4. കോൽ ആടിനെ മടക്കിവരുത്തുവാൻ സഹായിക്കുന്നു.
   - ആട് വെള്ളത്തിലോ മുൾച്ചെടിയുടെ ഇടയിലോ വീഴുവാൻ സാധ്യതയുണ്ട്.
   - കോലിന്റെ സഹായത്തോടെ ഇടയൻ ആടിനെ പൊക്കിയെടുത്ത്കൂട്ടത്തിലേക്കു മടക്കിക്കൊണ്ടുവരുന്നു.
   - പരിശുദ്ധാത്മാവ് ഒരു പിന്മാറ്റക്കാരന്റെ ഹൃദയത്തിൽ പാപബോധം കൊടുക്കുകയും അവന്റെ മടക്കിവരുത്തുകയും ചെയ്യുന്നു.

- ○ രോമത്തിൽ കുരുങ്ങിയോ, കൊമ്പു കുരുങ്ങിയോ കിടക്കുന്ന ആടിനെ യഥാസ്ഥാനപ്പെടുത്തുവാൻ കോൽ സഹായിക്കുന്നു. ഉൽപ്പ. 22:13.
- ○ അനുസരണമില്ലാതെ നടക്കുന്ന ആടിനെ വെള്ളത്തിൽനിന്നും നല്ല നിലത്തിലേക്കു കൊണ്ടുവരുവാൻ കോൽ ഉപയോഗിക്കുന്നു.

5. ആടിനു തീറ്റ കൊടുക്കുവാൻ കോൽ ഉപയോഗിക്കുന്നു.
   - ○ ഉയർന്നു നിൽക്കുന്ന മരചില്ലകൾ തിന്നുവാൻ ആടിനു സ്വയമേ കഴിയുകയില്ല, എന്നാൽ കോൽ ഉപയോഗിച്ചു അതു സധ്യമാക്കിത്തീർക്കുന്നു.
   - ○ പരിശുദ്ധാത്മാവ് തിരുവചത്തിലെ ഉന്നതമായ സത്യങ്ങൾ നമ്മെ മനസ്സിലാക്കുവാൻ സഹായിക്കുന്നു. യോഹ. 16:13; 2 പത്രോ. 1:19–21.

## **Class-9**

### **5 (a) – "എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു..."**

മലയുടെ മുകൾഭാഗം (Table Mount)

- ➢ മലകളുടെ മുകൾഭാഗത്തു മേശപോലുള്ള പരന്ന പ്രതലമാണു ഈ പ്രദേശം.
- ➢ വേനൽക്കാലത്ത് ഇടയൻ ആടുകളുമായി മലയുടെ മുകൾഭാഗത്തേക്കു പോകും.
- ➢ ഇപ്രാകാരമുള്ള ഭൂപ്രദേശങ്ങൾ അമേരിക്കയുടെ പടിഞ്ഞാറൻ ഭാഗങ്ങളിലും യൂറോപ്പിൻെറ തെക്കൻ മേഖലകളിലും സാധാരണമാണു, – 'മേസാസ്' എന്നാണു ഇതിനെ വിളിക്കുന്നത്
- ➢ 'മേസാസ്' എന്ന സ്പാനിഷ് പദമാണു മേശയ്ക്കു ഉപയോഗിച്ചിരിക്കുന്നത്.

മലമുകളിലുള്ള പ്രദേശം ഒരുക്കുന്ന വിധം

- വേനൽക്കാലം തുടങ്ങുന്നതിനു മുൻപായി ഇടയൻ ആ പ്രദേശം പരിശോധിക്കും. യോഹ. 10:3–4.
- അവിടെയുള്ള പ്രത്യേക സ്ഥലങ്ങളിൽ ഇടയൻ ഉപ്പും ലവണങ്ങളും വിതറും.

- ഇടയനു പാർക്കുവാനുള്ള കൂടാരം നിർമ്മിക്കേണ്ട സ്ഥലവും തിരഞ്ഞുവയ്ക്കും.
- ആ സ്ഥലത്തിനു വഹിക്കുവാനുള്ള കഴിവു ഉറപ്പുവരുത്തുന്നതുമൂലം പുൽമേടു ക്രമീകരിക്കുവാൻ സാധിക്കും.
- ഏതെങ്കിലും വിഷച്ചെടികളുണ്ടെങ്കിൽ അതു നീക്കം ചെയ്യും.

<u>ഹിംസ്രജന്തുക്കളെ പ്രത്യേകമായി വീക്ഷിക്കും</u>

- വന്യമൃഗങ്ങൾ കൗശലരൂപേണ വന്നു ആടുകളെ തട്ടിക്കൊണ്ടു പോകും.
- ചെന്നായ്, കരടി, സിംഹം തുടങ്ങിയ മൃഗങ്ങൾ
- നാം വളരെ ശ്രദ്ധാലുക്കൾ ആയിരിക്കുകയും, ഇടയനോടു ചേർന്നു നിൽക്കുകയും വേണം.
- ഉദാ. പത്രോസ്, ദൈവം അവനു മുന്നറിയിപ്പു കൊടുത്തു, എന്നിട്ടും അവൻ അകലം വിട്ടു പിൻ ചെന്നു. ലൂക്കോ. 22:31–32, 54–62.
- സാത്താൻെറ തന്ത്രങ്ങളെക്കുറിച്ചു നാം അറിവില്ലാത്തവരല്ലല്ലോ – 2 കോരി. 2:11
- ചിലപ്പോൾ അവൻ അലറുന്ന സിംഹം പോലെ വരും, മറ്റു ചിലപ്പോൾ വെളിച്ചദൂദൻെറ വേഷത്തിൽ വരും, 1 പത്രോ. 5:8; 2 കോരി. 11:14; മത്താ. 7:15.

<u>വെള്ളം ലഭ്യമാക്കുവാനുള്ള ക്രമീകരണം ചെയ്യും</u>

- ജലധാരകളും, ഓലികളും മറ്റും ഇടയൻ വൃത്തിയാക്കും.
- ശുദ്ധമായതും തെളിഞ്ഞതുമായ തണുപ്പുള്ള വെള്ളം ലഭ്യമാകും എന്നു ഇടയൻ ഉറപ്പു വരുത്തും. യെഹ. 34:18.
- എല്ലാവിധത്തിലുമുള്ള എതിരികളിൽനിന്നും സംരക്ഷണം  ഉറപ്പു വരുത്തും.

<u>ശക്തമായ കൊടുംകാറ്റിൽനിന്നു ഇടയൻ ആടുകളെ  സംരക്ഷിക്കും</u>

- ഉയർന്ന പ്രദേശങ്ങളിലേക്കു പോകുമ്പോൾ കാറ്റിൻെറ ഗതിയെക്കുറിച്ചും സ്വഭാവത്തെക്കുറിച്ചും ഇടയൻ നന്നായി ആറിഞ്ഞിരിക്കണം.

- സാത്താനും ചിലപ്പോഴൊക്കെ നമ്മെ മലമുകളിൻെറ അനുഭവത്തിലേക്കു (ഭൗതീക നന്മകൾ) കൊണ്ടുപോകും. മത്താ. 4:8–10
- ചില സന്ദർഭങ്ങളിൽ ആത്മീക ഉന്നതിയിലേക്കു കൊണ്ടുപോകും (ദേവാലയ്ത്തിൻെറ അഗ്രത്തിന്മേൽ), മത്താ. 4:5–6.
- സാത്താൻെറ തന്ത്രങ്ങളെക്കുറിച്ചു നാം ഏറ്റവും ബോധവന്മാരായിരിക്കണം. 2 കോരി. 2:11

➢ മേശ ഒരുക്കുക എന്നതു നമ്മോടുള്ള അവൻെറ സ്നേഹത്തിൻെറ അടയാളമാണു.

➢ കർതൃമേശ നല്ല ഇടയൻെറ സ്നേഹത്തിൻെറ ഓർമ്മപ്പെടുത്തലാണു.

<u>കർതൃമേശയും തിരുവത്താഴവും</u>

❖ കർതൃമേശ (1 കോരി. 11:20)

  ❖ **ഇതു കർത്താവിൻെറയാണു, നമ്മുടെയല്ല.**

  ❖ **അവൻ നമ്മെ അത്താഴത്തിലേക്കു ക്ഷണിച്ചിരിക്കുകയാണു.**

  - രാത്രി കാലങ്ങളിൽ ആചരിച്ചിരുന്നു (അപ്പോ. 10:7), അത്താഴം ഒരു ദിവസത്തെ ഏറ്റവും പ്രധാനപ്പെട്ട ആഹാരമാണു. (ഇന്ത്യക്കാർക്കൂ ഉച്ചഭക്ഷണവും, യൂറൊപ്പുകാർക്ക് അത്താഴവുമാണു)
  - എന്നാൽ രത്രികാലങ്ങളിൽ ഈ ശുശ്രൂഷ നടത്തണമെന്നു നിർബന്ധമില്ല. ആദ്യകാല സഭകൾ സമൂഹത്തിൻെറ സമ്മർദംകൊണ്ടാണു ഇങ്ങനെ ചെയ്തിരുന്നത് – അടിമവേലക്കാർ ധാരാളം ഉണ്ടായിരുന്നു.
  - തിരുവത്താഴം കർതൃമേശയിൽനിന്നും വ്യത്യസ്തമാണു. 1 കോരി. 10:21

❖ കർതൃമേശയും തിരുവത്താഴവും – രണ്ടും വ്യത്യസ്തമാണു.

  - തിരുവത്താഴം പുതിയനിയമത്തിൻെറ മാത്രമാണു.
  - യഹോവയുടെ മേശ പഴയനിയമത്തിലും വരാൻ പോകുന്ന സഹസ്രാബ്ദരാജ്യത്തിലും കാണുന്നുണ്ട്. തൻെറ മക്കൾക്കു വേണ്ടിയുള്ള യഹോവയാം ദൈവത്തിൻെറ ദൈനംദിന കരുതൽ. മലാഖി 1:7, 12; ലൂക്കോ. 22:29–30.

- യാഗപീഠത്തിൽനിന്നും പുരോഹിതനുള്ള കരുതലാണു യഹോവയുടെ മേശ.
- മാത്രവുമല്ല, അവൻ മന്നയും വെള്ളവും കരുതുന്നവനാണു. മരുഭൂമിയിൽ മേശ ഒരുക്കുന്നവൻ.

---

## Class-10

### 5 (b) – "എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകം ചെയ്യുന്നു...."

വേനൽക്കാലം

- മലമുകളിൽ സന്തോഷത്തിൻേറയും ആശ്വാസത്തിൻെറയും നാളുകൾ.
- വേനൽക്കാലം 'ഈച്ചകളൂടെ കാലം' ആണു.
- 'തൈലത്തിലെ ഈച്ച' പോലെ, സഭാപ്ര. 10:1
- വ്യത്യസ്ത തരത്തിലൂള്ള ഈച്ചകളുണ്ട്.

❖ ആടുകളുടെ സുവർണ്ണ കാലം ഈച്ചകൾ ദുരിതപൂർണ്ണമാക്കും.

'തൈലത്തിലെ ഈച്ച'

- ഉത്തംഗമായ ആത്മീക അനുഭവങ്ങളുടെ മദ്ധ്യത്തിൽ ഒരൊറ്റ പാപി വളരെ നന്മ നശിപ്പിച്ചുകളയുന്നു. സഭാപ്ര. 9:18–10:1. (ആഖാൻ, 'ഇസ്രായേലിനെ കഷ്ടത്തിലാക്കിയവൻ', 1 ദിന. 2:7.)
- മറുരൂപമലയിലെ അനുഭവം, മത്താ. 17:1–6.
- 'ജീവൻെറ ആത്മാവ്' നമ്മെ സഹായിക്കുന്നു. റോമ. 8:1–2.
- ശ്രേഷ്ഠമായ ഉദാ. അപ്പോ. 6:1–11.

വേനൽക്കാലം 'വ്രണത്തിൻെറ കാലം'.

- ത്വക്കിന്മേലുണ്ടാകുന്ന ചൊറിച്ചിൽ അലോരസപ്പെടുത്തുന്നതും പടർന്നു പിടിക്കുന്ന രോഗവുമാണു.
- അതിസൂക്ഷ്മമായ പരോപജീവികൾ വേഗത്തിൽ പടരുന്നു.

- തലകൾ കൂട്ടി ഉരുമുന്നതുമൂലം രോഗം കൂട്ടത്തിലേക്കു വ്യാപിക്കുന്നു. *(ഊനമില്ലാത്ത ആട്)*

➢ തലകൾ കൂട്ടി ഉരുമുന്നതുമൂലം രോഗം കൂട്ടത്തിലേക്കു വ്യാപിക്കുന്നു.

➢ രാസപദാർഥംകൊണ്ടുള്ള ചികിത്സ

- വീട്ടിൽ ഉണ്ടാക്കുന്ന എണ്ണയോ, ഗന്ധകമോ, മറ്റു രാസവസ്തുക്കളോ ഉപയോഗിക്കുന്നു.
- ആരംഭസമയങ്ങളിൽ, തലയിൽ ഈ രാസവസ്തു ഒഴിച്ചു രോഗം നിയന്ത്രിക്കുവാൻ ശ്രമിക്കും.
- ചില സന്ദർഭങ്ങളിൽ തല പല പ്രാവശ്യം രാസവസ്തുവിൽ മുക്കുകയും രോഗം നിയന്ത്രണവിധേയമാക്കുകയും ചെയ്യുന്നു.

➢ ചൊറി/ചിരങ്ങ് കാണിക്കുന്നതു നമ്മുടെ ചിന്താമണ്ഡലത്തിലെ പാപത്തെയാണു.

- എല്ലാ ചിന്തകളേയും പിടിച്ചടക്കണം. 2 കോരി. 10:5–7.
- റോമ. 12:1–2; ഫിലിപ്പി. 4:8.

<u>പ്രസവ കാലം</u>

- വേനൽക്കാലം അവസാനിച്ചു ശരൽക്കാലത്തിലേക്കു പ്രവേശിക്കുന്നു.
- ഈച്ചകൾ അപ്രത്യക്ഷമാകുന്നു.
- ആട്ടിൻ കൂട്ടം ഭവനത്തിലേക്കു മടങ്ങാൻ തയ്യാറെടുക്കുന്നു.
- പ്രസവകാലത്തിനായുള്ള ഒരുക്കം ആരംഭിക്കുകയായി.

➢ ആട്ടുകൊറ്റന്മാർ തമ്മിൽ വലിയ പോരാട്ടം/മത്സരം

- ഇടി കൂടുന്ന ആടിനെ ഇടയൻ പിടിക്കുകയും അതിൻെറ തലയിൽ കൊഴുപ്പു തൂത്തു വിടുകയും ചെയ്യുന്നു.
- കൊഴുപ്പു ഇടിയുടെ ആഘാതം കുറക്കുന്നു.
- ഉദാ. കർത്താവിൻെറ മാളികമുറി ശുശ്രൂഷ.

### "എൻെറ പാനപാത്രം നിറഞ്ഞു കവിയുന്നു"

- ശരൽക്കാലത്തിൽനിന്നും തണുപ്പുകാലത്തിലേക്കു കാലാവസ്ഥ മാറുന്നതനുസരിച്ച് ആടുകൾക്കും ഇടയനും പലവിധ പ്രയാസങ്ങൾ നേരിടുന്നു.
- ചിലപ്പോഴൊക്കെ തള്ളയാടുകളും കുഞ്ഞാടുകൾക്കും തണുത്ത് മരവിച്ച അവസ്ഥയിലെത്തും.
- ആ സന്ദർഭത്തിൽ ഇടയൻ ഒരു സ്പൂൺ വീഞ്ഞ് ആടിൻെറ തൊണ്ടയിലേക്കൊഴിച്ചു കൊടുക്കും.

<u>തണുപ്പുകാലത്ത് ആടിൻെറ അവസ്ഥ</u>

- പ്രഥമ ശുശ്രൂഷ
  - എണ്ണയും വീഞ്ഞും, ലൂക്കോ. 10:34.
  - എണ്ണ – വേദന സംഹാരി
  - വീഞ്ഞ് – വിഷാണുനാശകം
  - വീഞ്ഞു മനുഷ്യൻേറയും ദൈവത്തിൻേറയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നു. സങ്കീ. 104:15; ന്യായാധി. 9:13.
  - ഒനേസിഫോരൊസ് – 2 തീമ. 1:16–18; ഫിലേമോൻ 7,20.
  - വീഞ്ഞ് – മുഖം മിനുക്കുന്നു/പ്രകാശിപ്പിക്കുന്നു. (അപ്പോ. 6:15.)

## <u>Class-11</u>

### 6 (a) – "<u>നന്മയും കരുണയും.....</u>"

- ഡോ. ഹെൻട്രി എം. മോറിസ് ഈ അവസാനവാക്യത്തെ വിവരിച്ചിരിക്കുന്നത് ഇപ്രകാരമാണു.
  - "തീർച്ചയായും ക്രിസ്തുവിൻെറ നന്മയും കരുണയും ഞാൻ ജീവിച്ചിരിക്കുന്ന നാളത്രയും എന്നെ പിന്തുടരും, പിന്നീട് ദൈവത്തിൻെറ മഹത്വമേറിയ സ്വർഗ്ഗീയ കുടുംബത്തിൽ ഞാൻ നിത്യത മുഴുവനും ആയിരിക്കും".
  - ഈ സങ്കീർത്തനം തുടങ്ങുന്നതും അവസാനിക്കുന്നതും വളരെ വസ്തുതാപരമായ പ്രസ്താവനയോടുകൂടിയാണു.

- ദൈവത്തിൻെറ നന്മയുടേയും കരുണയുടേയും ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.
- പച്ചയായ പുൽപ്പുറം, സ്വസ്ഥതയുള്ള വെള്ളം, നീതിപാതകൾ, ഒരുക്കപ്പെട്ട മേശ, എണ്ണയും വീഞ്ഞും – അവൻെറ നന്മയുടെ ഉദാഹരണങ്ങൾ.
- ഞാൻ ഏകനായിതീർന്നപ്പോൾ അവൻെറ കരുണ എന്നെ മടക്കിക്കൊണ്ടുവന്നു. താഴ്വരയുടെ ഇരുണ്ട അവസ്ഥയിൽ അവൻെറ സാന്നിദ്ധ്യം എനിക്കു സംരക്ഷണമായിത്തീർന്നു, ഞാൻ നഷ്ടപ്പെട്ടവനായപ്പോൾ അവൻെറ വടിയും കോലും എന്നെ ആശ്വസിപ്പിക്കുകയും യഥാസ്ഥാനപ്പെടുത്തുകയും ചെയ്തു – അവൻെറ കരുണയുടെ ഉദാഹരണങ്ങൾ.
- ഞാൻ മാനസികമായും ശരീരികമായും മുറിവേറ്റപ്പോൾ 'എണ്ണയും വീഞ്ഞും' എന്നെ സൗഖ്യമാക്കി.

**"എന്റെ ആയുഷ്ക്കാലമൊക്കെയും എന്നെ പിന്തുടരും...."**

- നമ്മുടെ നല്ലകാലങ്ങളിൽ മാത്രമല്ല അവൻ നല്ലവനായിരിക്കുന്നത്, പിന്നെയോ ജീവിതത്തിലെ വിഷമ നാളുകളിലും.
- ഞാൻ വീണപ്പോൾ അവൻ നല്ലവനായിരുന്നു – വാ. 3 – "എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു;"
- വഴി അറിയാതെ പകച്ചു നിന്ന സന്ദർഭങ്ങളിൽ അവൻ എനിക്കു നല്ലവനായിരുന്നു – വാ. 3 – "…..തിരുനാമംനിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു."
- കൂരിരുൾ താഴ്വരയിലൂടെ കടന്നു പോയപ്പോൾ അവൻ നല്ലവനായിരുന്നു. അവൻെറ സാന്നിദ്ധ്യം എനിക്കു സം രക്ഷണമായിത്തീർന്നു – വാ. 4 – "ഞാൻ ഒരു അനത്ഥ വും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ;"
- ഞാൻ ബുദ്ധിമുട്ടിൽ ആയപ്പോൾ അവൻ നല്ലവനായിരുന്നു. അവൻെറ വചനവും പരിശുദ്ധാത്മാവും (വടിയും കോലും) എന്നെ ആശ്വസിപ്പിച്ചു. – വാ. 4 – "…നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു."

- ഞാൻ വഴിതെറ്റി അലഞ്ഞപ്പോൾ അവൻ എനിക്കു നല്ലവനായിരുന്നു – വാ.4 – അവൻെറ വചനം എന്നെ ആശ്വസിപ്പിക്കുകയും മടക്കി വരുത്തുകയും ചെയ്തു.
- ശത്രുക്കൾ എൻെറ നേരെ വന്നപ്പോൾ അവൻ എനിക്കു നല്ലവനായിരുന്നു – വാ.5
- ഈച്ചകളും വ്രണങ്ങളും ഉണ്ടായപ്പോൾ അവൻ എനിക്കു നല്ലവനായിരുന്നു – വാ.5
- ആത്മീകമായി എനിക്കു മരവിപ്പു നേരിട്ടപ്പോൾ അവൻ എനിക്കു നല്ലവനായിരുന്നു – വാ.5
- നിശ്ചയമായും, ദൈവം എനിക്കു എല്ലാ സമയത്തും നല്ലവനാണു, എല്ലാ കാലത്തും ദൈവം നല്ലവൻ തന്നെ.
- ഒത്തുനോക്കുക, സങ്കീ. 84:11; 34:9–10. **"ബാലസിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും; യഹോവയെ അന്വേഷിക്കുന്നവക്കോ ഒരു നന്മെക്കും കുറവില്ല."**

➢ നമ്മുടെ ജീവിതത്തിൽ ദൈവത്തിൻെറ ആത്യന്തിക ലക്ഷ്യം – റൊമ. 8:28–29.

- **"എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവക്കു, നിർണ്ണയപ്രകാരം വി ളിക്കപ്പെട്ടവക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരി ക്കുന്നു"**
- കുശവൻ കളിമണ്ണിനെ മെനയുന്നു, യിര. 18:3–4.
- കൃഷിക്കാരൻ മുന്തിരിവള്ളി ചെത്തി വെടിപ്പാക്കുന്നു, യോഹ. 15:2
- തൻെറ പുത്രൻെറ സ്വരൂപത്തോടു നാം അനുരൂപരായിത്തീരണം.

➢ ...... തിരുനാമം നിമിത്തം... വാ.3

- ആട് അനുഭവിക്കുന്ന സകല നന്മയും കരുണയും മുഖാന്തിരം ദൈവനാമത്തിനു മഹത്വം കരേറണം.

<u>ആടിൻെറ സ്വഭാവം</u>

- ആടിനെ തനിയെ വിട്ടാൽ അതു പ്രദേശം മുഴുവനും നശിപ്പിക്കും.
- ശ്രദ്ധയോടുകൂടിയുള്ള പരിപാലനത്താൽ ആടിനും പ്രദേശത്തിനും നല്ല വിളവുണ്ടാകും.
- കൃഷിക്കാരൻ ആടിനെ "സ്വർണ്ണ കുളമ്പ്" എന്നു വിളിക്കാറുണ്ട്.
- ആടുകളുടെ വിസർജ്യം നല്ല വളമാണു. പ്രദേശത്തുള്ള കളകളും മറ്റും ആടുകൾ തിന്നുന്നതുമൂലം പ്രദേശം വൃത്തിയാകുന്നു.
- എല്ലായിപ്പോഴും നന്മ അവശേഷിപ്പിച്ചിട്ടാണു ആടു കടന്നുപോകുന്നത്.
- യേശുക്രിസ്തു നന്മ ചെയ്തുകൊണ്ടു മുന്നോട്ടു പോയി, അപ്പോ. 10:38.
- പേടമാൻ – തബീഥ, "വളരെ സൽപ്രവർത്തികൾ ചെയ്തവൾ....." അപ്പോ. 9:36
- നാം നമ്മുടെ ജീവിതത്തിലൂടെ എന്താണു അവശേഷിപ്പിച്ചു കടന്നു പോകുന്നത്?

## "യഹോവയുടെ (ഇടൻെറ) ആലയത്തിൽ ദീഘ്കാലം വസിക്കും"

- സങ്കീർത്തനം 23, നമ്മുടെ വീണ്ടും ജനനം മുതൽ നിത്യതവരെയുള്ള ആത്മീക ജീവിതത്തെ ക്കുറിച്ചു സംസാരിക്കുന്നു.
  - ഒന്നാം വാക്യത്തിൽ, "യഹോവ" .... വാക്യം 6-ൽ "ദീർഘകാലം" അവൻെറ ഭവനത്തിൽ..
  - ഒടുവിലായി ആട് പറയുന്നത്, "ഈ മഹത്തായ കാര്യങ്ങളിൽനിന്നു എന്നെ പിടിച്ചു മാറ്റുവാൻ ഒന്നിനും സാധ്യമല്ല".
  - ദാവീദിൻെറ അതിയായ ആഗ്രഹം യഹോവയുടെ ആലയത്തിൽ എന്നേക്കും വസിക്കണമെന്നുള്ളതായിരുന്നു. സങ്കീ. 27:4 മുതൽ
  - "**അവന്റെ മന്ദിരത്തിൽ സകലവും മഹത്വം എന്നു ചൊല്ലുന്നു.**" സങ്കീ. 29:9

  യഹോവയുടെ സാന്നിധ്യത്തിൽ

  - എല്ലായിപ്പോഴും ഇടയൻെറ ദൃഷ്ടി പതിയുന്നിടത്ത് ആയിരിക്കുവാനാണു ആട് ഏറ്റവും ആഗ്രഹിക്കുന്നത്.
  - വിശ്വാസി ദൈവത്തിൻെറ ദൃഷ്ടിമണ്ഡലത്തിൽ ആയിരിക്കണം. ഗലാ. 4:9.

  എൻെറ പിതാവിൻെറ ഭവനത്തിൽ

  - ഒരു ദിവസം നമ്മുടെ ഇടയശ്രേഷ്ഠൻ കടന്നു വരികയും പിതാവിൻെറ ഭവനത്തിലേക്കു നമ്മെ കൊണ്ടുപോകയും ചെയ്യും.
  - അന്നു തൻെറ മഹത്വത്തോടെ നാം അവനെ കാണുകയും ആരാധിക്കുകയും ചെയ്യും.
  - "**.....ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും.**" 1 തെസ്സ. 4:17
  - എന്നാൽ ഇന്നു നാം ഇവിടെയായിരിക്കുമ്പോൾ അനൻെറ വാഗ്ദത്തങ്ങളെ മുറുകെപ്പിടിച്ചുകൊണ്ട് ജീവിക്കാം.
  - എബ്രായ. 13:5, "….. **"ഞാൻ നിന്നെ ഒരുനാളും കൈ വിടുകയില്ല, ഉപേക്ഷിക്കയുമില്ല" എന്നു അവൻ തന്നേ അരുളി ച്ചെയ്തിരിക്കുന്നുവല്ലോ.**"

## Class-12

## യഹോവയുടെ സംയുക്തനാമങ്ങൾ

- യഹോവ ഏലോഹീം, ഉൽപ്പ. 2:4 യഹോവയായ ദൈവം (LORD God)
- അഡൊണായ് യഹോവ, ഉൽപ്പ. 15:2 കർത്താവായ ദൈവം (Lord God)
- 'ഏലോഹീം'- സൃഷ്ടിപ്പിനോടു ബന്ധപ്പെട്ടുള്ള ദൈവത്തിൻെറ നാമം

- യഹോവ എന്നത് വീണ്ടെടുപ്പിനോടു ബന്ധപ്പെട്ടുള്ള നാമമാണു.
- അഡൊണായ് എന്നത് 'കർത്താവ്', യഹോവ എന്ന നാമത്തിനു പകരമായി ഉപയോഗിക്കാവുന്ന പദം.

❖ യഹോവ യിരേ, ഉൽപ്പ. 22:13–14 – യഹൊവ കരുതിക്കൊള്ളും

❖ യഹോവ ഷാലോം, ന്യായാധി. 6:24 – യഹോവ നമ്മുടെ സമാധാനം

❖ യഹോവ റാഫാ, പുറ. 15:26 – സൗഖ്യമാക്കുന്ന യഹോവ

❖ യഹോവ സിദിക്കെനു, യിര. 23:6 – യഹോവ നമ്മുടെ നീതി.

❖ യഹോവ സബാഓത്ത്, 1 ശാമു. 1:3 – സൈന്യങ്ങളുടെ യഹോവ

❖ യഹോവ നിസ്സി, പുറ. 17:8–15 – യഹോവ എൻെറ കൊടി

❖ യഹോവ മക്ഡേഷ്, ലേവി. 20:8 – വിശുദ്ധീകരിക്കുന്ന യഹോവ

❖ യഹോവ ഷമ്മാ, യെഹ. 48:35 – യഹോവ അവിടെയുണ്ട്.

- ***എനിക്കു മുട്ടുണ്ടാകയില്ല*** – യഹോവ യിരേ – യഹൊവ കരുതിക്കൊള്ളും. ഉൽപ്പ. 22:13–14
- ***പച്ചയായ പുല്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്ന*** – യഹോവ ഷാലോം, യഹോവ നമ്മുടെ സമാധാനം – ന്യായാധി. 6:24
- ***സ്വസ്ഥ തയുള്ള വെള്ളത്തിന്നരികത്തേക്കു എന്നെ നടത്തുന്ന.....എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്ന*** – യഹോവ റാഫാ – സൗഖ്യമാക്കുന്ന, യഹോവ പുറ. 15:26.
- ***എന്നെ നീതിപാതകളിൽ നടത്തുന്ന*** – യഹോവ സിദിക്കെനു – യഹോവ നമ്മുടെ നീതി – യിര. 23:6.
- ***കൂരിരുൾതാഴ്വരയിൽ കൂടി നടന്നാലും*** – യഹോവ സബാഓത്ത് – സൈന്യങ്ങളുടെ യഹോവ – 1 ശാമു. 1:3.
- ***എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്ന*** – യഹോവ നിസ്സി – യഹോവ എൻെറ കൊടി – പുറ. 17:8–15.
- ***എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകം ചെയ്യുന്ന*** – യഹോവ മക്ഡേഷ് – വിശുദ്ധീകരിക്കുന്ന – യഹോവ ലേവി. 20:8
- **ഞാൻ യഹോവയുടെ ആലയത്തിൽ**(പുതിയ യെരുശലേമിൽ) ***ദീർഘകാലം വസിക്കും*** – യഹോവ ഷമ്മാ – യഹോവ അവിടെയുണ്ട് – യെഹ. 48:35